**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 327** **27-10-2021 - ൽ മറുപടിയ്ക്ക്**

**അരി, എണ്ണ മില്ലുകൾക്ക് ഭക്ഷ്യസുരക്ഷ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന അരി, എണ്ണ മില്ലുകൾക്ക് ഭക്ഷ്യസുരക്ഷ വിഭാഗത്തിൽ നിന്നും ലൈസൻസ് എടുക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥ ചെറുകിട മില്ലുടമകളെ പ്രതിസന്ധിയിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2006ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം പ്രകാരം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം / സംഭരണം / വിപണനം /വിതരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യസംരംഭകരും ഭക്ഷ്യസുരക്ഷാ ലൈസൻസ് /രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിർദ്ദേശിക്കുന്നുണ്ട്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ (FSSAI) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽ നിന്നും ലൈസൻസ്/ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റ് ആയ foscos.fssai.gov.in മുഖാന്തിരം അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽ നിന്നും ലൈസൻസ്/രജിസ്ട്രേഷൻ നൽകി വരികയും ചെയ്യുന്നു. ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100/- രൂപയും ലൈസൻസിന് 2000/- രൂപയുമാണ് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തേണ്ടത് കേന്ദ്രഭക്ഷ്യസുരക്ഷാ അതോറിറ്റിയാണ്. മായം ചേർത്ത വെളിച്ചെണ്ണയുടെ വില്പന തടയുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് വെളിച്ചെണ്ണയ്ക്ക് ബ്രാൻഡ് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. ഒരു നിർമ്മാതാവിന് ഒരു ബ്രാൻഡ് എന്ന വ്യവസ്ഥയിൽ ബ്രാൻഡ് രജിസ്ട്രേഷൻ ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | വെളിച്ചെണ്ണ നിർമ്മാതാക്കൾക്ക് അവരുടെ ബ്രാൻഡ് ഭക്ഷ്യസുരക്ഷാ വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക ഫീസ് ഈടാക്കുന്നില്ല. എന്നാൽ അവർ ഭക്ഷ്യ സുരക്ഷാ അതോറിറ്റി അനുശാസിക്കുന്ന ലൈസൻസ് / രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. എന്നാൽ അരിക്ക് ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിന്നും ബ്രാൻഡ് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടില്ല. |
| (ബി) | ലൈസൻസിനായി വർഷംതോറും വൻതുക ഈടാക്കുന്നത് ചെറുകിട മില്ലുടമകളെ പ്രതിസന്ധിയിലാക്കുമെന്നതിനാൽ പ്രസ്തുത നീക്കം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | 2006ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം പ്രകാരം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം / സംഭരണം / വിപണനം /വിതരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യസംരംഭകരും ഭക്ഷ്യസുരക്ഷാ ലൈസൻസ് /രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിർദ്ദേശിക്കുന്നുണ്ട്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ (FSSAI) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽ നിന്നും ലൈസൻസ്/ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റ് ആയ foscos.fssai.gov.in മുഖാന്തിരം അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽ നിന്നും ലൈസൻസ്/രജിസ്ട്രേഷൻ നൽകി വരികയും ചെയ്യുന്നു. ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100/- രൂപയും ലൈസൻസിന് 2000/- രൂപയുമാണ് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തേണ്ടത് കേന്ദ്രഭക്ഷ്യസുരക്ഷാ അതോറിറ്റിയാണ്. മായം ചേർത്ത വെളിച്ചെണ്ണയുടെ വില്പന തടയുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് വെളിച്ചെണ്ണയ്ക്ക് ബ്രാൻഡ് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. ഒരു നിർമ്മാതാവിന് ഒരു ബ്രാൻഡ് എന്ന വ്യവസ്ഥയിൽ ബ്രാൻഡ് രജിസ്ട്രേഷൻ ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകി വരുന്നു. വെളിച്ചെണ്ണ നിർമ്മാതാക്കൾക്ക് അവരുടെ ബ്രാൻഡ് ഭക്ഷ്യസുരക്ഷാ വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക ഫീസ് ഈടാക്കുന്നില്ല. എന്നാൽ അവർ ഭക്ഷ്യ സുരക്ഷാ അതോറിറ്റി അനുശാസിക്കുന്ന ലൈസൻസ് / രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. എന്നാൽ അരിക്ക് ഭക്ഷ്യ |

| | | | |
|---|---|---|---|
| | | | സുരക്ഷാ വകുപ്പിൽ നിന്നും ബ്രാൻഡ് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ